**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 193** **16-09-2025 - ൽ മറുപടിയ്ക്ക്**

**തിരൂർ ജില്ലാശുപത്രിയിലെ ക്യാൻസർ ചികിത്സ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | തിരൂർ ജില്ലാശുപത്രിയിൽ ക്യാൻസർ രോഗനിർണയവുമായി ബന്ധപ്പെട്ട റേഡിയോ ഡയഗ്നോസിസ്, റേഡിയോ തെറാപ്പി എന്നിവ ഒറ്റ വിഭാഗം ആയിട്ടാണോ പ്രവർത്തിക്കുന്നത് എന്ന് അറിയിക്കാമോ; | (എ) | തിരൂർ ജില്ലാ ആശുപത്രിയിൽ ക്യാൻസർ രോഗനിർണയവുമായി ബന്ധപ്പെട്ട റേഡിയോ ഡയഗ്നോസിസ്, റേഡിയോ തെറാപ്പി എന്നിവ ഒറ്റ വിഭാഗമായാണ് പ്രവർത്തിക്കുന്നത്. |
| (ബി) | ടി വിഭാഗങ്ങളിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാരുടെ എണ്ണം എത്രയാണെന്ന് വിഭാഗം തിരിച്ച് വ്യക്തമാക്കുമോ; | (ബി) | കൺസൾട്ടന്റ് - 1<br><br>ജൂനിയർ കൺസൾട്ടന്റ് (റേഡിയോതെറാപ്പി)- 1 |
| (സി) | റേഡിയോ ഡയഗ്നോസിസ്, റേഡിയോ തെറാപ്പി എന്നിവ ഒറ്റ വിഭാഗമായി പ്രവർത്തിക്കുകയാണെങ്കിൽ അവ പ്രത്യേക വിഭാഗങ്ങൾ ആയിട്ട് പ്രവർത്തിക്കുന്നതിനും ഓരോ വിഭാഗത്തിനും ആവശ്യമായ യോഗ്യതയുള്ള ഡോക്ടർമാരെ പ്രത്യേകം നിയമിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (സി) | ഈ വിഷയം പരിശോധിച്ച് വരുന്നു. |
| (ഡി) | ടി ആശുപത്രിയിൽ മാമോഗ്രാം സ്കാനിങ്, അൾട്രാസൗണ്ട് സ്കാനിങ് തുടങ്ങിയവക്ക് വേണ്ട ഉപകരണങ്ങൾ ലഭ്യമാണോ; ആണെങ്കിൽ ഏതു ഫണ്ട് ഉപയോഗിച്ചാണ് അവ വാങ്ങിയത്; വിശദമാക്കുമോ; | (ഡി) | മാമോഗ്രാം സ്കാനിങ്, അൾട്രാസൗണ്ട് സ്കാനിങ് എന്നീ ഉപകരണങ്ങൾ ലഭ്യമാണ്. മാമോഗ്രാം മെഷീൻ എൻ.എച്ച് .എം എൻ.സി.ഡി. ഫണ്ട് ഉപയോഗിച്ചും, അൾട്രാസൗണ്ട് സ്കാനിങ് മെഷീൻ ജില്ലാ പഞ്ചായത്ത് പ്രൊജക്ട് ഫണ്ട് ഉപയോഗിച്ചുമാണ് വാങ്ങിയിട്ടുള്ളത് .<br><br>തിരൂർ ജില്ലാ ആശുപത്രിയിൽ ക്യാൻസർ രോഗികൾക്കുള്ള മാമോഗ്രാം സ്കാനിംഗ് സേവനവും ഗർഭിണികൾക്കുള്ള എമർജൻസി അൾട്രാസൗണ്ട് സ്കാനിംഗ് സേവനവും നൽകി വരുന്നുണ്ട്. |
| (ഇ) | ടി ആശുപത്രിയിൽ മാമോഗ്രാം സ്കാനിങ്, അൾട്രാസൗണ്ട് സ്കാനിങ് തുടങ്ങിയ ഉപകരണങ്ങൾ ലഭ്യമാണെങ്കിൽ അവയുടെ സേവനം പൊതുജനങ്ങൾക്ക് ലഭ്യമാകുന്നുണ്ടോ; വിശദമാക്കുമോ; | (ഇ) | ഉത്തരം (ഡി) പിരിവിൽ ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (എഫ്) | മലപ്പുറം ജില്ലയിൽ സ്തനാർബുദ പരിശോധനയ്ക്കുള്ള മാമോഗ്രാം സ്കാനിംഗ് സംവിധാനമുള്ള മറ്റ് സർക്കാർ ആശുപത്രികൾ ഏതെല്ലാമെന്ന് അറിയിക്കാമോ; വിശദമാക്കുമോ? | (എഫ്) | മഞ്ചേരി മെഡിക്കൽ കോളേജ് |

സെക്ഷൻ ഓഫീസർ